താനൂർ-ഗുരുവായൂർ, അങ്കമാലി-ശബരിമല മുതലായ പുതിയ ലൈനുകൾ നിർമ്മിക്കുക. നിലമ്പൂർ-നഞ്ചൻഗുഡ് ലൈൻ നിർമ്മിക്കുക. 'പാലസ് ഓൺ വീൽസ്' മാതൃകയിൽ കാസർഗോഡു നിന്നും കന്യാകുമാരിയിലേക്ക് ഒരു ട്രെയിൻ അനുവദിക്കുക. നിലവിലുള്ള ട്രെയിനുകൾ ദീർഘിപ്പിക്കുകയും അവയുടെ സമയത്തിൽ മാറ്റം വരുത്തുകയും അവയുടെ എണ്ണം കൂട്ടുകയും ചെയ്യുക. ഹ്രസ്വദൂര ഷട്ടിൽ ട്രെയിനുകൾ ഓടിക്കുക. നെടുമ്പാശ്ശേരിയിൽ റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുക. തിരുവനന്തപുരം, തൃശ്ശൂർ തുടങ്ങിയ സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുകയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക. കൊല്ലം, വിരുദുനഗർ ലൈൻ ഗേജ് മാറ്റം ത്വരിതപ്പെടുത്തുക. വല്ലാർപാടം കണ്ടയിനർ ടെർമിനലുമായി ബന്ധപ്പെട്ട് പുതിയ ലൈൻ നിർമ്മിക്കുക. വെണ്ടുരുത്തിപ്പാലം പുതുക്കിപ്പണിയുക/അറ്റകുറ്റപ്പണി തീർക്കുക. ജില്ല/താലൂക്ക് ആസ്ഥാനങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് റെയിൽവേ റിസർവേഷൻ സംവിധാനം നടപ്പിലാക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത് റെയിൽവേ മന്ത്രാലയമാണ്. വിശദമായ റെയിൽവേ പദ്ധതികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് സമർപ്പിക്കാറില്ല. കേന്ദ്ര സർക്കാരിന് സമർപ്പിച്ച ആവശ്യങ്ങളിന്മേൽ കേന്ദ്ര സർക്കാർ അനുഭാവ പൂർണ്ണമായ നടപടികൾ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാത

104 (3313) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കന്യാകുമാരി റെയിൽപ്പാത ഇരട്ടിപ്പിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ അതിന്റെ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly